# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1944 07.03.2017 ൽ മറുപടിയ്ക്ക്

## പോലീസ് ലാത്തിച്ചാർജ്ജ്

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ ലാത്തിച്ചാർജ്ജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടില്ല. എന്നാൽ സമരങ്ങൾ അക്രമാസക്തമാകുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ അക്രമികളെ പിരിച്ചയയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ ഭാഗമായി രണ്ട് ലാത്തിച്ചാർജ്ജുകൾ, 8 ടിയർ ഗ്യാസ് ഷെൽ പ്രയോഗങ്ങൾ, 36 ജല പീരങ്കി പ്രയോഗങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട എത്ര കേസ്സുകളിൽ അന്വേഷണം സി. ബി. ഐ. ക്ക് വിടുകയുണ്ടായി; വിശദമാക്കുമോ? | (സി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.